IV. ചെയർമാൻമാരുടെ പാനൽ

(മി.സ്പീക്കർ : ഓർഡർ.....ഓർഡർ, ബഹുമാനപ്പെട്ട അംഗങ്ങളായ സർവ്വശ്രീ എം.മുരളി, ടി.കെ. ബാലൻ, കെ.പ്രകാശ് ബാബു എന്നീ ബഹുമാനപ്പെട്ട അംഗങ്ങളെ 10-ാം കേരള നിയമസഭയുടെ പതിനഞ്ചാം സമ്മേളനകാലത്തേയ്ക്കുള്ള ചെയർമാൻമാരുടെ പാനലിലേയ്ക്ക് നാമനിർദ്ദേശം ചെയ്യുന്നു.)

V. സമയം ദീർഘിപ്പിക്കുന്നതിനുള്ള പ്രമേയം

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ.പി.ജെ.ജോസഫ്) : 1999-ലെ കേരള ആദ്യകാല ശിശുസംരക്ഷണവും ശിശുവിദ്യാഭ്യാസവും ബിൽ സംബന്ധിച്ച സെലക്ട് കമ്മിറ്റി റിപ്പോർട്ട് സമർപ്പിക്കുന്നതിനുള്ള സമയം 2000 ഡിസംബർ 18-ാം തീയതിവരെ ദീർഘിപ്പിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ.വി.സി. കബീർ) : സർ, ഞാൻ പ്രമേയത്തെ പിൻതാങ്ങുന്നു.

മി.സ്പീക്കർ : പ്രമേയം അംഗീകരിക്കപ്പെട്ടിരിക്കുന്നു.

VI. റിപ്പോർട്ട് സമർപ്പണം

1999-ലെ കേരള ആദ്യകാല ശിശു സംരക്ഷണവും ശിശുവിദ്യാഭ്യാസവും ബിൽ സംബന്ധിച്ച സെലക്ട് കമ്മിറ്റി റിപ്പോർട്ട്

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി.ജെ.ജോസഫ്) : 1999-ലെ കേരള ആദ്യകാല ശിശു സംരക്ഷണവും ശിശുവിദ്യാഭ്യാസവും ബിൽ സംബന്ധിച്ച സെലക്ട് കമ്മിറ്റി റിപ്പോർട്ട് ഞാൻ സമർപ്പിക്കുന്നു.

എസ്റ്റിമേറ്റ്സ് കമ്മിറ്റിയുടെ ഇരുപത്തി ഒമ്പതു മുതൽ മുപ്പത്തിരണ്ടുവരെയുള്ള റിപ്പോർട്ടുകൾ

ശ്രീ.പി. രാജു : എസ്റ്റിമേറ്റ് കമ്മിറ്റിയുടെ അദ്ധ്യക്ഷനായ ഞാൻ കമ്മിറ്റിയുടെ ഇരുപത്തി ഒമ്പതു മുതൽ മുപ്പത്തിരണ്ടുവരെയുള്ള റിപ്പോർട്ടുകൾ സമർപ്പിക്കുന്നു.

പൊതുമേഖലാസ്ഥാപനങ്ങൾക്കായുള്ളസമിതിയുടെ അമ്പത്തിഒമ്പതു മുതൽ എഴുപത്തിമൂന്നു വരെയുള്ള റിപ്പോർട്ടുകൾ

ശ്രീമതി ജെ. മെഴ്സിക്കുട്ടി അമ്മ : പൊതുമേഖലാസ്ഥാപനങ്ങൾക്കായുള്ള സമിതിയുടെ ചെയർപേഴ്സണായ ഞാൻ സമിതിയുടെ 59 മുതൽ 73 വരെയുള്ള റിപ്പോർട്ടുകൾ സമർപ്പിക്കുന്നു.

പബ്ലിക്ക് അക്കൗണ്ട്സ് കമ്മിറ്റിയുടെ തൊണ്ണൂറ് മുതൽ നൂറ്റി പതിമൂന്നുവരെയുള്ള റിപ്പോർട്ടുകൾ

ശ്രീ. ടി.കെ. ബാലൻ ; പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിയുടെ തൊണ്ണൂറ് മുതൽ നൂറ്റി പതിമൂന്നുവരെയുള്ള റിപ്പോർട്ടുകൾ കമ്മിറ്റിയുടെ അദ്ധ്യക്ഷനായ ശ്രീ. ആര്യാടൻ മുഹമ്മദിനുവേണ്ടി ഞാൻ സമർപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സത്യൻ മൊകേരി : ഞാൻ നിയമസഭയെ സംബന്ധിച്ച് ഏറ്റവും പ്രധാനപ്പെട്ട ഒരു കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്.

മി. സ്പീക്കർ : അത് നാളെ എടുത്താൽ മതിയോ?

ശ്രീ. സത്യൻ മൊകേരി : നാളെ മതി.

മി.സ്പീക്കർ : എല്ലാപേരും അറിയേണ്ട ഒരു വിഷയമായതുകൊണ്ട് പറയുകയാണ്.

VII. നിയമനിർമ്മാണ കാര്യം

സെലക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 1999-ലെ കേരള സ്പോർട്സ് ബിൽ

മി.സ്പീക്കർ : ബഹുമാനപ്പെട്ട ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി, ശ്രീ. വി.സി. കബീർ, അങ്ങേയ്ക്ക് പ്രമേയം അവതരിപ്പിക്കാം.

ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. വി.സി. കബീർ) : സെലക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 1999-ലെ കേരള സ്പോർട്സ് ബിൽ പരിഗണനയ്ക്ക് എടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

പിന്നോക്ക-പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ) : സർ, ഞാൻ പ്രമേയത്തെ പിൻതാങ്ങുന്നു.

മി.സ്പീക്കർ : ആദ്യമായി സെലക്ട് കമ്മിറ്റി റിപ്പോർട്ടിനുള്ള ഡിസെന്റ്. ശ്രീ. പി.ജെ. ജോയി, ശ്രീ.കെ.പി.വിശ്വനാഥൻ, ശ്രീ. കെ.സി. വേണുഗോപാൽ, ശ്രീ.സി.എഫ്.തോമസ്, ശ്രീ.വി.ബാലറാം, ശ്രീ. ചെർക്കളം അബ്ദുള്ള (വിയോജനക്കുറിപ്പിന് നോട്ടീസ് കൊടുത്തിരുന്ന അംഗങ്ങൾ സഭയിൽ ഹാജരില്ലാതിരുന്നതിനാൽ വിയോജനക്കുറിപ്പ് അവതരിപ്പിക്കപ്പെട്ടില്ല.)

മി.സ്പീക്കർ : ശ്രീ. ടി.കെ. നൗഷാദ്, അങ്ങയുടെ ഭേദഗതി അവതരിപ്പിക്കാം.*

ശ്രീ. ടി.കെ. നൗഷാദ് : സർ, സെലക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 1999-ലെ കേരള സ്പോർട്സ് ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. ഇതിനെക്കുറിച്ച് രണ്ട് മിനിട്ട് സംസാരിച്ചുകൂടേ?

മി.സ്പീക്കർ : ഇന്ന് ഇതുമാത്രമേ എടുക്കുന്നുള്ളൂ. ബാക്കി നാളെ എടുക്കാമല്ലോ.

ശ്രീ. ജോർജ് ജെ.മാത്യു, ഡോക്ടർ എം.എ. കുട്ടപ്പൻ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ സഭയിൽ ഹാജരില്ല.

ശ്രീ. കെ.പി. രാജേന്ദ്രൻ, അങ്ങയുടെ ഭേദഗതി അവതരിപ്പിക്കാം.

---

* അനുബന്ധം XXXI

LIBRARY ARCHIVES Kerala Legislative Assembly